# ഇടശ്ശേരിയുടെ കാവ്യശൈലി

ഡോ. എൻ.വി.പി. ഉണിത്തിരി

ചങ്ങമ്പുഴയുടെ ലളിതകോമളകാന്തപദാവലീവിലാസിതമായ കാവ്യശൈലിക്കു മലയാളത്തിലുണ്ടായിട്ടുള്ള അനുകർത്താക്കളുടെ കാനേഷുമാരിക്കണക്കെടുക്കാനാഗ്രഹിക്കുന്നവർക്ക്, കുറച്ചുമുമ്പാണെങ്കിൽ, മറിച്ചുള്ളവരുടെ എണ്ണംപിടിക്കുന്നതുവഴി വളരെ എളുപ്പത്തിൽ കാര്യം തീർക്കാൻ കഴിയുമായിരുന്നു. അത്ര വിപുലമായിരുന്നു ആ ശൈലിയുടെ അനുകർത്തൃമണ്ഡലം. പലരും അതിന്റെ പുറന്തോടിന്നപ്പുറം കടന്നവരല്ല. ഫലം: കേവലം പളുങ്കുപദങ്ങളുടെ – അവയിലധികവും നിരർത്ഥകവും – കേളീരംഗമായി കവിത. കുറേ കേട്ടുകഴിയുമ്പോൾ ആരുടെയും ചെവി തഴമ്പിച്ചു പോകും. കവിതാലോകത്തു കടന്നുവരുന്നവരെ ഈ ചെടിപ്പിൽനിന്നും രക്ഷിച്ചെടുക്കാൻ ചില കവികൾ ബോധപൂർവ്വം തന്നെ ശ്രമംനടത്തുകയുണ്ടായി. ആ ഘോഷയാത്രയുടെ നേതൃത്വം വഹിച്ചവരിൽ മുമ്പനാണ് ശ്രീ. ഇടശ്ശേരി ഗോവിന്ദൻനായർ.

കവിതയെക്കുറിച്ചു പൊതുവിൽ വെച്ചുപുലർത്താറുള്ള സങ്കല്പങ്ങളിൽ അയവുവരുത്താൻ മടിക്കുന്നവർക്ക് ഇടശ്ശേരിക്കവിത ആസ്വദിക്കാനാവുന്ന കാര്യം പ്രയാസമാണ്. പ്രതിപാദനരീതിയിലും പ്രതിപാദ്യത്തിലും അതുവരെയുള്ള മലയാളകവിതയിൽനിന്ന് ഏറെക്കുറെ വ്യത്യസ്തമായാണ് അക്കവിതയുടെ നില്പ്. ആ പ്രതിപാദനരീതിയുടെ – കാവ്യശൈലിയുടെ – പ്രത്യേകതകളെന്തൊക്കെയെന്നു പരിശോധിച്ചു നോക്കാം.

## സംക്ഷിപ്തത

ക്രൂരതയുടെ പൈതൃകമാണ് സാഹിത്യജീവിതത്തിൽ ഇടശ്ശേരിക്കുള്ളത്. “വിജയിക്ക മേല്ക്കുമേൽ ക്രൗര്യമേ, സംസ്കാരവിഭവത്തിലെന്നുടെ പൈതൃകം നീ.” (മുള്ളൻചീര) എന്ന വരികൾ നോക്കുക. പദങ്ങളുടെ തിരഞ്ഞെടുപ്പിലും ഈ ക്രൂരത കാട്ടാനദ്ദേഹം മടിക്കാറില്ല. ആ കാവ്യശൈലിയുടെ അത്ഭുതകരമായ സംക്ഷിപ്തതയ്ക്ക് ഇതാണ് കാരണം. താണതരം വൃത്തസംഗീതത്തിലോ ദുർബ്ബലമായ മൃദുലവികാരാവിഷ്കരണത്തിലോ അദ്ദേഹത്തിനു കമ്പമില്ല. കഴിയുന്നത്ര തീരുത്തിത്തിരുത്തി കവിതയെ ദർമ്മേദസ്സിൽനിന്നു രക്ഷിക്കുവാൻ ശ്രമിക്കുന്ന കൂട്ടത്തിലാണ് ഇടശ്ശേരി. കവിതന്നെ അതേക്കുറിച്ചെഴുതിയിരിക്കുന്നതുകണ്ടാലും: “ഇതിലിടയ്ക്കു ‘വന്നപാടു ചന്ത’ത്തിൽ ഞാനൊരു കവിതയെഴുതി പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടോ? ഓർമ്മയില്ല. ഉണ്ടാവാനിടയില്ല. എനിക്കു പറയാനുള്ളതെല്ലാം അടുക്കും ചിട്ടയും കൂടാതെ, പല ഭാഗവും അനലംകൃതമാകയാൽ അരമ്യമായിത്തന്നെ എഴുതിപ്പോവുകയാണ്. എന്റെ കൃതികളധികവും കഥാത്മകങ്ങളായതുകൊണ്ടു കഥകൾക്കാവശ്യമായ രംഗങ്ങളുടേയും പാത്രങ്ങളുടെയും കാര്യത്തിലേ ശ്രദ്ധ പതിയാറുള്ളൂ. ഒരൊഴുക്കിലെഴുതിപ്പോയതു തികച്ചും ബോധപൂർവ്വം പരിശോധിക്കുകയും പലതിന്റേയും ആകൃതിമാറ്റുക, ചിലതിന്റെ സ്ഥാനം മാറ്റുക, മറ്റു ചിലതിനു മോക്ഷംകൊടുക്കുക ഇങ്ങനെ ബുദ്ധിപരമായ പലതിനും വിധേയമാക്കുകയും ചെയ്തശേഷമേ ഞാൻ അതു ബഹുജനസമക്ഷം പ്രദർശിപ്പിക്കാറുള്ളൂ.” ഈ നിരൂപണബുദ്ധി വരുത്തിവെയ്ക്കുന്ന അപകടവും അനുഭവത്തിൽനിന്നദ്ദേഹം ചൂണ്ടിക്കാട്ടുന്നുണ്ട്: “കുളിപ്പിച്ചു കുളിപ്പിച്ചു കട്ടിയില്ലാതായ സന്ദർഭങ്ങളെക്കുറിച്ചു ഖേദിക്കേണ്ടിവന്നിട്ടുണ്ട്.” (എന്റെ പണിപ്പുര) ഈ സംക്ഷിപ്തതയ്ക്കൊരുദാഹരണം:

“കൊയ്യാൻ പോയവൻ വൈദ്യനെത്തേടി
വയ്യാതായി മെതിച്ചവർക്കെല്ലാം

ചാണക്കൽകളരഞ്ഞുതുടങ്ങി,
വീണൂ കെട്ടുകൾ വെള്ളനൂലിന്മേൽ."
(പൂവേപോൽ പൂവേ)

തിരുവോണം നാളിൽ പനിപിടിച്ചു കിടക്കുന്ന കുട്ടിക്കു ചികിത്സചെയ്യാൻ വീടാകെ ബദ്ധപ്പെടുന്ന രംഗം ഇതിലധികം ഒതുക്കി വിവരിക്കുക വിഷമം തന്നെ. കൊയ്ത്തും മെതിയും വൈദ്യനെത്തേടലും മരുന്നുചെയ്യലും മന്ത്രവാദംനടത്തലുമെല്ലാം നാലേനാലു ചെറിയ വരികളിലൂടെ നമ്മുടെ മുമ്പിൽ അവതരിപ്പിച്ചിരിക്കുന്നു.

ഈവിധം സംക്ഷിപ്തസുന്ദരവും ധ്വനിമധുരവുമായ ഇടശ്ശേരിയുടെ കാവ്യശൈലി അനേകം നന്മകളോടൊപ്പം അല്പം ചില തിന്മകൾക്കും വഴിവെച്ചിട്ടില്ലെന്നില്ല. സാമാന്യനിലയിൽ മലയാളകവിത ആസ്വദിച്ചു ശീലമുള്ള പല വായനക്കാർക്കും അക്കവിത അഭിഗമ്യമല്ലെന്നതാണനുഭവം. പൊതുവിൽ പ്രയോഗത്തിലില്ലാത്ത കഠിനപദങ്ങളുടെ അപൂർവമായെങ്കിലുമുള്ള പ്രവേശം, ഇടശ്ശേരിക്കവിതയ്ക്കു ചുറ്റും ദുർഗ്രഹതയുടെ ഒരു വലയം സൃഷ്ടിച്ചിരിക്കുന്നു. ഇതിനു മറ്റു ചില കാരണങ്ങളുമുണ്ട്; അവ വഴിയേ വ്യക്തമാവും.

'എനിക്കു രസമീ നിമ്നോന്നതമാം
വഴിക്കു തേരുരുൾപായിക്കൽ!
ഇതേതിരുൾക്കുഴിമേലുരുളട്ടേ,
വിടില്ല ഞാനീ രശ്മികളേ!"
(അമ്പാടിയിലേയ്ക്കു വീണ്ടും)

എന്ന മനോഹരമായ വരികൾ നോക്കുക. 'രാസവിലാസലോല'നായ ഗോപികാമണാളൻ കംസവധത്തിനു പോയതിൽപ്പിന്നെ ഗോകുലത്തിലേയ്ക്കു തിരിച്ചുവന്നില്ല. കുറേക്കാലത്തിനുശേഷം വിരഹവിവശകളായ വല്ലവികളുടെ ചാരത്തേയ്ക്ക് അദ്ദേഹം വരുന്നുവെന്നു സങ്കല്പിച്ചുകൊണ്ടുള്ളതാണിക്കവിത. ശ്രീകൃഷ്ണ സാരഥിയായ ദാരുകന്റേതാണ് മേൽച്ചേർത്ത വാക്കുകൾ. സമനിരപ്പായ വഴിയിലൂടെ രഥം നയിക്കാൻ തനിക്കു രസമില്ല. നിമ്നോന്നതരഥ്യയിലൂടെ തേരോടിക്കുമ്പോൾ, ഇടയ്ക്കുവെച്ച് അതു വല്ല കൂരിരുൾക്കുഴിയിൽ വീണാലും വേണ്ടില്ല. ആ രശ്മികൾ താൻ വിടില്ല. ഇവിടെ 'രശ്മി'ക്കു കയർ എന്നർത്ഥവും കൂടി ധരിച്ചാലേ ആസ്വാദനം പൂർണ്ണമാവൂ. സുഖദുഃഖ സമ്മിശ്രമായ ഈ പ്രപഞ്ചജീവിതത്തിൽ ദുഃഖത്തിന്റെ കൂരിരുൾ അല്പമധികമായി തനിക്കനുഭവപ്പെട്ടാൽത്തന്നെ സകലമാനചരാചരങ്ങൾക്കും അന്തശ്ചൈതന്യമായി വർത്തിക്കുന്ന സാക്ഷാൽപരമാത്മാവിന്റെ രശ്മികൾ തനിക്കു പ്രകാശമരുളാതിരിക്കയില്ല എന്നും മറ്റും എത്രയെങ്കിലും വ്യാഖ്യാനിച്ചുപോകാവുന്ന ഈ വരികളുടെ ആത്മസത്ത മുഴുവൻ ആ 'രശ്മി'യുടെ ശ്ലിഷ്ടതയിൽക്കിടക്കുന്നുവെന്നു പറയാം. പുറന്തോടു പൊളിക്കാനേറെ വിഷമം-പൊളിച്ചകത്തുകടന്നാലോ, ബഹുരസവും! നാളികേരപാകംതന്നെ. അതേക്കവിതയിലുള്ള,

"വൃന്ദാവനമടുമലരുകളേ,
യുഷ്മത്സൗരഭമുദ്വേലം:
വരുന്നു തീരാദാഹത്തോടൊരു
കരിവണ്ടെന്നുടെ രഥമേറി!"

എന്ന ധ്വനിമധുരമായ ദാരുകവചനത്തിന്റെ ആസ്വാദനത്തിലും 'യുഷ്മത്തും' 'ഉദ്വേല'വും ചിലർക്കു കല്ലുകളായനുഭവപ്പെട്ടേയ്ക്കാം. അവ കൂടി ലളിതമായിരുന്നെങ്കിൽ എന്നാരും ആശിച്ചുപോകും.

## ഗാനാത്മകമായ ശീലുകൾ

ഈ കയങ്ങളിലിറങ്ങി മുത്തെടുക്കാൻ കെല്പില്ലാത്തവർക്ക് ഒരനുഗ്രഹംചെയ്തുവെച്ചിട്ടുണ്ട്, കവി. അതുബോധപൂർവ്വമാണെന്നു തോന്നുന്നില്ല. ഇടശ്ശേരിയുടെ മിക്കകവിതകളും ഗാനാത്മകമായ ഈണത്തിൽ ചൊല്ലാവുന്ന നാടൻശീലുകളിലാണ് വാർന്നുവീണിട്ടുള്ളത്. പുത്തൻകലവും അരിവാളും, പൂതപ്പാട്ടു തുടങ്ങിയ അല്പം ചില കവിതകളിൽ മേല്പറഞ്ഞ പദകാഠിന്യദോ

ഷമില്ല; ഗാനാത്മകത വേണ്ടുവോളമുണ്ടുതാനും.

## ജീവിത്ഭാഷാസമ്പർക്കം

ഇടശ്ശേരിയുടെ കാവ്യശൈലിയുടെ മറ്റൊരു സവിശേഷത അതിന്റെ ജീവത്ഭാഷാസമ്പർക്കമാണ്. വിശാലമായ അർത്ഥത്തിൽ ആ പദം പ്രയോഗിക്കാമോ എന്നു സംശയമാണ്. ഏറെക്കുറെ പ്രാദേശിക ഭാഷാശൈലികളുമായാണ് അദ്ദേഹത്തിന്റെ ശൈലീസമ്പർക്കം പുലർത്തിക്കാണുന്നത്. പൊന്നാനി പ്രദേശങ്ങളിലെ സാധാരണക്കാരുടെ പ്രത്യേകശൈലികൾ, പദങ്ങൾ, പഴഞ്ചൊല്ലുകൾ മുതലായവ ഇടശ്ശേരിക്കവിതയിൽ അവിരളമായിത്തന്നെ കാണാം. ഇതിനും മുൻപറഞ്ഞ ദോഷം ചൂണ്ടിക്കാണിക്കാമെങ്കിലും അതിന്റെ അപൂർവമനോഹാരിത അനപലപനീയമത്രേ. 'കുറ്റിപ്പുറം പാലത്തിലെ'

“ഇനിയും നീളേ, നീയിരച്ചുപൊന്തും
ഇനിയും തടം തല്ലിപ്പാഞ്ഞണയും;
ചിരിവരുന്നുണ്ടതു ചിന്തിക്കുമ്പോ-
ളിനി നീയിപ്പാലത്തിൻനാട്ടനൂഴും!”

എന്ന വരികളിലെ അടിവരയിട്ട ശൈലി ദേശ്യമാണ്. കവച്ചുവെച്ച കാലുകൾക്കിടയിലൂടെ നൂണുകടക്കുക എന്നതിന്റെ അർത്ഥം. തോൽവി സമ്മതിക്കുക എന്ന താത്പര്യവും പ്രകടമാക്കാൻ ഇത്ര പറ്റിയൊരു പദം അവിടെ വേറെ ചേർക്കാനില്ലെന്നു തോന്നിപ്പോകും. ഇത്തരത്തിൽ പ്രാദേശികമല്ലാത്ത ദേശ്യപദങ്ങളും ഇടശ്ശേരിക്കവിതയിൽ ഇടയ്ക്കിടെ കടന്നുവരാറുണ്ട്. ആദ്യം പറഞ്ഞ 'പൂവേ പോൽ പൂവേ' എന്ന കവിതയിലെ പനി പിടിച്ച കുട്ടിക്കു പെറ്റമ്മയുടെ നാടൻ ചികിത്സാവിധി:

“നൂറായിട്ടു നുറുങ്ങിപ്പഴേതാം
പാറലരിയിട്ടു പാരാതെ
കുമ്പളപ്പൂ വിരിഞ്ഞതിൻമീതേ
ചെമ്പൊൽത്താർക്കുടം വെച്ചിട്ടു
വാരമൃതമൊരുക്കിയതങ്ങനെ
കോരിക്കുടിപ്പിച്ചു പെറ്റമ്മ.”

പൂതപ്പാട്ടിലെ “പാപ്പ കൊടുക്കുന്നു, പാവ കൊടുക്കുന്നു....” ഇത്യാദി പല ഭാഗങ്ങളും ഇതിനു നിദർശനങ്ങളാണ്. “കടം നിറയ്ക്കൂ, കൂടെ വരൂ” തുടങ്ങിയ കവിതകളുടെ പൂർണ്ണമായ ആസ്വാദനത്തിനു പൊന്നാനിയുടെ ദേശചരിത്രം തന്നെ അറിഞ്ഞിരിക്കേണ്ടതുണ്ട്. ഇത് ഇടശ്ശേരിയുടെ പല കവിതകളുടെയും ദോഷമോ ഗുണമോ ആയ പ്രത്യേകതയത്രേ.

കവിയുടെ കർഷകഹൃദയത്തിൽ നിന്നുയർന്നുവന്ന പഴ മൊഴിപ്രായങ്ങളായ ഒട്ടുവളറെ സൂക്തികൾ ഇടശ്ശേരിക്കവിതയ്ക്കു മാറ്റിയറ്റിയിട്ടുണ്ട്. ചിലതിതാ:

“മന്നിന്നറിയാം പൂപ്പൊലി പൊന്നേ-
ണപ്പുലർനാളെന്നാലും
മഞ്ഞക്കിളിയെയയച്ചീടുന്നൂ
മാബലിയെന്നുണ്ടല്ലോ!”
(മകന്റെ വാശി)

“മാമ്പൂ കണ്ടു മദിക്കല്ലേ,
മാരിക്കാറിനെ നമ്പല്ലേ!”
*   *   *
“മകരക്കാറിലെത്തണ്ണീർ,
മാനവന്മാരുടെ കണ്ണീർ!”
(പൂത്തമാവിനെപ്പറ്റി)

“ചെങ്കതിർമണികളോ-
ടൊപ്പമേ പത്തായത്തിൽ
ചെന്നുകൂടുവാൻ വൈക്കോൽ-
ച്ചണ്ടിക്കെന്തവകാശം?”

(അങ്ങേ വീട്ടിലേയ്ക്ക്)

ഇടശ്ശേരിയുടെ ഗ്രാമീണാധ്യാപകൻ ക്ലാസ്സിൽ പിൻബഞ്ചിലിരിക്കുന്ന തോറ്റ കുട്ടികളെ കാണുന്നത്.

"കൊയ്തേറും കണ്ടങ്ങളിൽ
കൊയ്ത്തരിവാളെത്താതെ
കൂടിയ കൂളൻകതിർ
കർഷകൻ കാണുംപോലെ"

യാണ്. 'പൊട്ടി പുറത്തു ശിവോതി അകത്ത്' 'കാവിലെ പാട്ട്' തൊട്ടുള്ള കവിതകൾ പഠിക്കുന്നവർ ഗ്രാമീണ കേരളത്തിലെ പൊട്ടിയാട്ടൽ, താലപ്പൊലി തുടങ്ങിയ പഴയ ആചാരങ്ങളുടെയും ഉത്സവവിശേഷങ്ങളുടെയും പഠനം ആദ്യം നടത്തേണ്ടതുണ്ട്.

സംഭാഷണഭാഷ അതേപടി കവിതയിൽ പകർത്തുവാൻ ഇടശ്ശേരിക്ക് അത്ഭുതാവഹമായ ഏതോ സിദ്ധിതന്നെയുണ്ടെന്നു തോന്നുന്നു. രക്ഷിതാവു കുട്ടിയെപ്പറ്റി ഗുരുനാഥനോടു പറയുന്നു:

"കാട്ടുമാടത്തം വിട്ടിട്ടില്ല, പന്ത്രാണ്ടായെന്തു കാട്ടും?"

(ചൂരലിന്റെ മുമ്പിൽ)

പുര നിറഞ്ഞുനില്ക്കുന്ന പെണ്ണിനോട് അമ്മ:

"പെൺകിടാവിന്നാറാടാൻ തെല്ലു
പുലർന്നാലെന്തേ?"
"ഓർത്തുനടക്കണമേറെച്ചിത്ര-
മോട്ടപ്പെടും!"

(വിവാഹസമ്മാനം)

## സാങ്കേതികപദങ്ങളും ശൈലികളും

സാങ്കേതികപദങ്ങളും ശൈലികളും ഇടശ്ശേരിക്കവിതയിൽ ധാരാളം കാണാം. പ്രതിപാദ്യവിഷയവുമായി സാമാന്യപരിചയം നേടിയവർക്കു പോലും വ്യാഖ്യാനം കൂടാതെ മനസ്സിലാക്കാൻ പ്രയാസമാവും ചിലപ്പോൾ അവ. "ഇസ്ലാമിലെ വന്മല'യിൽ 'കാഫി'റോ 'പത്തിരി'യോ 'കാതുരുത്താതെ കഴിയ'ലോ വന്നാൽ, അവ അതിപ്രസിദ്ധങ്ങളാകയാൽ ആസ്വാദകർ വിഷമിക്കയില്ല. എന്നാൽ 'വരദാന'ത്തിൽ ഇടയ്ക്കിടെ പ്രത്യക്ഷപ്പെടുന്ന ചൂതുകളിയുടെ സാങ്കേതികപദശൈലികൾ (അരശ്, ഇഷ്ടരശ്, കളിയിടാവുക) അത്ര പ്രസിദ്ധമല്ല. "പൊട്ടി പുറത്തു ശിവോതി അകത്ത്" എന്ന കവിതയിലെ,

"കുറ്റിച്ചൂലും കലപ്പൊട്ടും
ചൂട്ടും കെട്ടിയിറങ്ങവേ,
വെള്ളയും ഗ്രന്ഥവും വെച്ചു
ഭദ്രദീപം കൊളുത്തി ഞാൻ"

തുടങ്ങിയ പല ഭാഗങ്ങളും, നേരത്തെ പറഞ്ഞതുപോലെ, ആവക പ്രാചീനാചാരങ്ങളെക്കുറിച്ചു നല്ല പഠിപ്പുള്ളവർക്കേ ആസ്വാദ്യമാവൂ. ഇതിലും കടുപ്പമാണ് "കാവിലെപ്പാട്ടി"ലെ ചില സാങ്കേതിക പദങ്ങൾ.

"സമയമായീ സമയമായീ തേരിറങ്ങുകംബേ,
സകലലോകപാലനൈകസമയമതാലംബേ!"

ഈ വരികളിലെ 'സമയ'ത്തിനു കരാർ, ശപഥം എന്നീ അർത്ഥങ്ങൾക്കു പുറമേ ശക്തിപൂജയുമായി ബന്ധപ്പെട്ട മറ്റൊരർത്ഥംകൂടിയുണ്ട്: കൗളം, സമയം എന്നിങ്ങനെ രണ്ടുവിധത്തിലൂടെയാണ് ശക്തിപൂജ നടത്താറ്. ആദ്യത്തേത് അധമവും രണ്ടാമത്തേത് ഉത്തമവുമായ മാർഗ്ഗമാണ്, താരതമ്യേന. ശക്തിരൂപിണിയായ ദേവി ശാന്തപ്രകൃതിയായി മാറുന്ന പ്രതിപാദ്യവിഷയത്തെ ഈ പ്രയോഗം എത്രമേൽ വിളക്കുന്നുണ്ടെന്നു പറയേണ്ടതില്ലല്ലോ.

## തത്ത്വചിന്താപ്രവണത

സാധാരണമട്ടിൽ കഥ പറഞ്ഞുപോവുന്നതിന്നിടയ്ക്കോ ഒടുവിലോ ഒരു സാമാന്യവത്കരണചിന്തയവതരിപ്പിക്കുക. ഇടശ്ശേരി പലേടത്തും പാലിച്ചു

**ഇടശ്ശേരിയുടെ കാവ്യശൈലി**
**എൻ.വി.പി. ഉണിത്തിരി**
(മംഗളോദയം 1967 ജൂൺ)

**ഇടശ്ശേരിയുടെ കാവ്യ ശൈലി**

**എൻ.വി.പി. ഉണിത്തിരി**

(മംഗളോദയം 1967 ജൂൺ)

5

പോന്നിട്ടുള്ള ഒരു പതിവാണ്. 'കുഞ്ഞൂസ'യുടെ കരുണമയമായ കഥയുടെ സ്മരണയായ 'ഊർച്ചയും വിത്തൂന്നലും' എന്ന കവിത,

"വിഷമതരങ്ങളാം സാമൂഹ്യതലങ്ങളിൽ
വിഷവല്ലിക്കേ പറ്റൂ വേരുന്നിപ്പിടിക്കുവാൻ"

എന്നൊരുജ്ജ്വലചിന്താശകലത്തോടെയാണവസാനിക്കുന്നത്. 'ആ കൈലേസി'ൽ ഏതാണ്ടു മധ്യഭാഗത്തായി ഇങ്ങനെ ചില വരികൾ കാണും:

"കുറവേ കാണൂ മർത്ത്യദൃഷ്ടിയിലാദ്യം, മേന്മ-
യ്ക്കുറവാണത്രേ ദോഷദർശനനിഷ്ണാതത്വം!
തന്നിലേ തികവറ്റൊരീ ലോകം പഠിച്ചിട്ടി-
ല്ലൊന്നിലുമപൂർണ്ണതയ്ക്കുള്ള സൗന്ദര്യം കാണാൻ."

പറയേണ്ടതെല്ലാം പറഞ്ഞുകഴിഞ്ഞു എന്നു നമുക്കൊക്കെ തോന്നിയാലും ചിലപ്പോൾ കവിക്കു പറയാനുള്ളത് ഒടുവിലേയ്ക്കു നീക്കിവെച്ചിട്ടുണ്ടാകും. ആ ചോദ്യം അഥവാ ചിന്താശകലം നമ്മുടെ മുഖത്തേയ്ക്കിട്ടുതന്നുകൊണ്ട് അദ്ദേഹം ചിലപ്പോൾ ഒരു കുസൃതിച്ചിരി ചിരിച്ചേയ്ക്കും. 'പള്ളിച്ചൂണ്ടൽ' എന്ന കവിതയുടെ ഒടുക്കം ചേർത്തിട്ടുള്ള രണ്ടുവരി നോക്കൂ:

"ഭക്തിയാം ചൂണ്ടലൊരിക്കൽ വിഴുങ്ങിയ
ഭാഗ്യഹീനന്നില്ല മുക്തി പിന്നെ!"

## നേരിയ പരിഹാസം

നേരിയ പരിഹാസം കലർന്ന ഈ കുസൃതിച്ചിരി ഇടശ്ശേരിക്കു സഹജമാണെന്നുതന്നെ പറയാം. അച്ഛൻ ഭക്തിലഹരിയിലും ഏട്ടൻ മാർക്സിയൻ തത്വശാസ്ത്രക്കമ്പത്തിലും മുഴക്കിക്കൊണ്ടിരിക്കവേ ഒരു കന്യക, ഒരു വെളുപ്പാൻകാലത്തു വീടുവിട്ടിറങ്ങിപ്പോകുന്ന 'തത്വശാസ്ത്രങ്ങൾ ഉറങ്ങുമ്പോൾ' എന്ന കവിത തന്നെ ഈ പരിഹാസപ്രവണതയിൽനിന്നു നാമെടുത്തതാണ്. കാട്ടിലൂടെ റേഷനരിയും ചുമന്നു നടന്നു ക്ഷീണിച്ചുവരുന്ന ഒരു ദരിദ്രൻ, വഴിമധ്യേ ആക്രമണേച്ഛുവായടുത്തുവന്ന നരിയെ, അടുത്തു കാണായ ബുദ്ധന്റെ കൽപ്രതിമയെടുത്തെറിഞ്ഞ് ആത്മരക്ഷണം ചെയ്യുന്ന കഥ (ബുദ്ധനും ഞാനും നരിയും) വിവരിച്ചുതന്നതിനുശേഷം, കവിയുടെ ഈ കുസൃതിച്ചിരി ഇങ്ങനെയൊരു ചോദ്യം നമ്മുടെ നേരെ എറിഞ്ഞുതരുന്നുണ്ട്:

"ഇടയുള്ളോർ വാദിപ്പിൻ-മാർഗ്ഗവും ലക്ഷ്യവു-
മിടറിയോ?-ഞാനൊന്നു തല ചായ്ക്കട്ടെ!"

കാവ്യചോരണാപവാദകോലാഹലം കൂട്ടുന്നവരുടെ നേരെ നീട്ടിയ നേരിയൊരു പരിഹാസമാണ് 'നാലിതൾപ്പൂവ്.' കുട്ടൻ നട്ടു നനച്ചുവളർത്തിയ ചെടി പൂവിട്ടു. അതിലേ പോയ ചില കുട്ടികൾ അഭിപ്രായം പാസ്സാക്കി: "പൂ നന്ന്-പക്ഷേ, പള്ളിക്കൂട്ടത്തിലെ തോട്ടക്കാരനിൽ നിന്നല്ലേ നിനക്കീ കൊമ്പു കിട്ടിയത്?" കുട്ടൻ തിരിച്ചടച്ചു:

"പണ്ടൊരു കാട്ടിലെക്കാട്ടാളനാണലർ-
ച്ചെണ്ടുളവാം കമ്പൊടിച്ചു കുത്തി
ലോകാതിശായിയാം സൗന്ദര്യമേലുന്ന
നാലിതൾപ്പൂ വിരിയിച്ചതാദ്യം.
അക്കമ്പിൻതുമ്പുകൾ കൈവന്നോരായതി-
ലുൾക്കളപ്പൂക്കളാവിഷ്കരിപ്പൂ!"

ഇത്രകൊണ്ടു നിർത്തിയെങ്കിൽ അതിൽ ഇടശ്ശേരിയെക്കാണുമായിരുന്നില്ല. അദ്ദേഹം ഇത്രകൂടി കൂട്ടിച്ചേർത്തു:

"പള്ളിക്കൂടത്തിലെത്തോട്ടക്കാരൻ ചെടി-
ച്ചുള്ളികൾ സൃഷ്ടിച്ചതാരറിഞ്ഞു?"

"പോയിനാമിത്തിരി വ്യാകരണം വായിലാക്കീട്ടു വരുന്നു മന്ദം" എന്ന ചിരിയിലൂടെ ഇന്നത്തെ വിദ്യാഭ്യാസരീതിയുടെ പൊളിച്ചെഴുത്തിന്റെ അത്യാവശ്യകതയെപ്പറ്റി ചിന്തിപ്പിക്കുവാൻ ഇടശ്ശേരിക്കു കഴിയുന്നു.

(മംഗളോദയം 1967 ജൂൺ)